**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല**

**പ്രവചന കാലയളവ് 28.06.2023 മുതൽ 02.07.2023 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| **എ എ എസ് ബുള്ളറ്റിൻ നമ്പർ 26/2023,(51) ചൊവ്വാഴ്ച** | **തീയ്യതി 27/06/2023** |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2023 ജൂൺ 21 മുതൽ ജൂൺ 27 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (2023 ജൂൺ 28 മുതൽ ജൂലൈ 02 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 21/06 | 22/06 | 23/06 | 24/06 | 25/06 | 26/06 | 27/06 | തീയ്യതി | | 28/06 | 29/06 | 30/06 | 01/07 | 02/07 |
| 0.0 | 0.8 | 0.2 | 1.6 | 0.6 | 16.9 | 0.2 | മഴ (മില്ലീമീറ്റർ) | | 16 | 6 | 3 | 9 | 4 |
| 31.4 | 31.4 | 31.5 | 31.9 | 32.4 | 31.2 | 30.9 | ഉയർന്ന താപനില (°C) | | 31 | 31 | 30 | 30 | 30 |
| 24.4 | 24.3 | 25.0 | 24.1 | 24.1 | 23.0 | 23.4 | കുറഞ്ഞ താപനില (°C) | | 23 | 24 | 24 | 24 | 24 |
| Partially Cloudy | Partially Cloudy | Partially Cloudy | Overcast | Cloudy | Cloudy | Overcast | AM | മേഘ വ്യാപ്തി (ഒക്ടാ) | Overcast | Overcast | Overcast | Overcast | Cloudy |
| Overcast | Cloudy | Cloudy | Cloudy | Cloudy | Cloudy | | PM | | | | | | |
| 97 | 97 | 91 | 93 | 95 | 96 | 87 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 90 | 90 | 91 | 91 | 91 |
| 86 | 75 | 67 | 64 | 80 | 70 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 69 | 65 | 73 | 70 | 72 |
| 0.9 | 1.1 | 1.3 | 1.7 | 1.1 | 2.0 | 1.4 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 10 | 4 | 3 | 3 | 3 |
| C | C | C | C | C | C | SSW | AM | കാറ്റിന്റെ ദിശ (ഡിഗ്രി ) | WSW | WNW | W | WNW | NW |
| WSW | SSW | WSW | NW | SSW | W | | PM | | | | | | |
| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | | | | 01/01/2023 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | | | | | 01/03/23 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | | | | |
| 20.3 | | | | 336.4 | | | | | 336.4 | | | | |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷം ആരംഭിച്ചതിനാൽ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് – വിരിപ്പ് (ഞാറ് പരുവം) | - | മഴക്കാലത്ത് നെല്ലിൽ പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ എന്നിവ വരാൻ സാധ്യതയുണ്ട്. മുൻകരുതലായി ഒരു കിലോഗ്രാം നെൽവിത്ത് സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ അര മണിക്കൂർ കുതിർത്ത് വെച്ച് വിതയ്ക്കുക. അല്ലെങ്കിൽ ഞാറിന്റെ വേര് സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ അര മണിക്കൂർ മുക്കിവെച്ച് നടുക. (10 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനി തയ്യാറാക്കാം) |
| വാഴ | മാണ അഴുകൽ | മഴക്കാലത്ത് വാഴയിൽ മാണ അഴുകലിന് സാധ്യതയുണ്ട് . വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യങ്ങൾ ഉറപ്പ് വരുത്തുക. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 3 ലിറ്റർ വീതം ഓരോ വാഴയുടെ ചുവട്ടിലും ഒഴിച്ച് കൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. |
| കുരുമുളക് | ദ്രുതവാട്ടം | കുരുമുളകിലെ ദ്രുതവാട്ട രോഗത്തെ പ്രതിരോധിക്കാനായി രണ്ടു കിലോ ട്രൈക്കോഡർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ചത്തേക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ വലിയ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. |

മൃഗസംരക്ഷണം:- കുളമ്പു ചീയൽ കുളമ്പിനുണ്ടാകുന്ന ക്ഷതങ്ങൾ എന്നിവ ഒഴിവാക്കുന്നതിനായി വെള്ളക്കെട്ടുകളിൽ മേയാൻ വിടാതിരിക്കുക. ചെള്ള്, ഈച്ച, പേൻ തുടങ്ങിയ ബാഹ്യപരാധങ്ങൾക്കെതിരെ ജാഗ്രത പുലർത്തണം. തൊഴുത്തിലോ, പരിസരത്തോ എലി ശല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക. എലിയിൽ നിന്നും പകരുന്ന എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം ഉരുക്കൾക്കും കർഷകർക്കും ഒരുപോലെ മാരകമാണ്. (CAADECCS KVASU, Mannuthy).